# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.356 | 31.01.2014-ൽ മറുപടിക്ക്

**ചോദ്യം**

**ശ്രീ. സി.കെ. നാണു**
**" മാത്യു റ്റി. തോമസ്**
**" ജോസ് തെറ്റയിൽ**
**ശ്രീമതി ജമീലാ പ്രകാശം**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

### പദ്ധതി ചെലവുകളും പദ്ധതി ഇതര ചെലവുകളും

| | | |
|---|---|---|
| (എ) | 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്ക് നൽകിയ വിഹിതം ചിലവഴിക്കുന്നതിൽ വീഴ്ച വരുത്തിയ വകുപ്പുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ; | 2012-13 ലെ കണക്കുകൾ പ്രകാരം നീതിന്യായം, എക്സൈസ്, ലാന്റ് റവന്യൂ, രജിസ്ട്രേഷൻ, ജില്ലാഭരണം, പൊതുമരാമത്ത്, ആരോഗ്യം, ഗതാഗതം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളിലാണ് പ്രധാനമായും പദ്ധതിയേതര വിഹിതത്തിൽ പൂർണ്ണ തോതിലുള്ള ചെലവ് രേഖപ്പെടുത്താതിരുന്നത്. ഭരണപരമായ ചെലവുകൾക്ക് വകയിരുത്തിയ വിഹിതത്തിൽ പൂർണ്ണ തോതിലുള്ള ചെലവ് ഉണ്ടാകാത്തതാണ് ഇതിനുള്ള പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. മൂലധന ചെലവുകൾക്കു വേണ്ടി പദ്ധതിയേതരയിനത്തിൽ പൊതുമരാമത്ത്, ഗതാഗതം. തുറമുഖം എന്നീ വകുപ്പുകൾക്കു കീഴിൽ വകയിരുത്തിയ തുകയിൽ ഭൂരിഭാഗവും ചെലവായിട്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയ വിഹിതത്തിൽ നിന്ന് ചെലവുകൾ നേരിട്ടതാണ് ഈ ഇനത്തിൽ മിച്ചം വരാനുള്ള പ്രധാന കാരണം. അധികവിഭവം കണ്ടെത്തുന്നതിനുള്ള പരിമിതിയും, പദ്ധതിയേതര മൂലധന വിഹിതം പൂർണ്ണമായും ചെലവാക്കുന്നതിന് തടസ്സമായി. പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ അവലോകന റിപ്പോർട്ട് പ്രകാരം പി.ഡബ്ല്യു.ഡി, സാമൂഹ്യ നീതി, എസ്.സി/എസ്.റ്റി വികസന വകുപ്പ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ ഉയർന്ന ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഊർജ്ജം, ജലവിഭവം, ഗതാഗതം, മൃഗസംരക്ഷണം, ഇൻഫർമേഷൻ |
| (ബി) | പദ്ധതി ചെലവുകളും പദ്ധതി ഇതര ചെലവുകളും ലക്ഷ്യം കൈവരിക്കാതെ പോയതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | |

| | | |
|---|---|---|
| | | ടെക്നോളജി, ഹോം ആന്റ് വിജിലൻസ് എന്നീ വകുപ്പുകൾക്ക് അനുവദിക്കപ്പെട്ട പദ്ധതി വിഹിതത്തിന്റെ 70% - ൽ താഴെ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ടെൻഡർ നടപടി ക്രമങ്ങളുടെ പൂർത്തീകരണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ നടപടികൾക്കു വേണ്ടിവരുന്ന സമയദൈർഘ്യം മൂലവും വാർഷിക പദ്ധതിയിലെ ചില പദ്ധതികൾക്ക് വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ജലവിഭവ വകുപ്പിൽ മുല്ലപ്പെരിയാർ ഡാമിനുവേണ്ടി വകയിരുത്തിയ തുക സാങ്കേതിക കാരണങ്ങൾ കൊണ്ട് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ